## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:5333 | 23.05.2017-ൽ മറുപടിയ്ക്ക് |
|---|---|

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിയ്ക്കുന്ന മാലിന്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് ഉൾപ്പെടെ ഏതെല്ലാം മാലിന്യങ്ങളാണ് നിലവിൽ ശേഖരിച്ച വരുന്നത്; ഏതെല്ലാം സ്ഥാപനങ്ങൾ എത്ര അളവുവീതം ശേഖരിക്കുന്നുവെന്നും എപ്രകാരമാണ് ഇവ സംസ്കരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക്, ഗ്ലാസ്, പേപ്പർ, മെറ്റൽ, ഇ-വേസ്റ്റ്, ജൈവമാലിന്യം എന്നിവ ശേഖരിച്ചു വരുന്നുണ്ട്. ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകി വരുന്നത്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ, ക്ലീൻ കേരള കമ്പനി എന്നിവ മുഖേന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ശുചിത്വകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ മാലിന്യം സംസ്കരണം, റീസൈക്കിൾ എന്നിവയുൾപ്പെടെ എന്തെല്ലാം പ്രവർത്തനങ്ങൾ നിലവിൽ നടപ്പാക്കി വരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന മാലിന്യസംസ്കരണ പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്.<br>1. നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണം<br>2. ഉറവിട ജൈവ മാലിന്യ സംസ്കരണം<br>3. ദ്രവ മാലിന്യപരിപാലനം (സെപ്റ്റേജ് അടക്കം)<br>4. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സൗകര്യം<br>5. പ്രീ മൺസൂൺ ക്യാമ്പയിൻ<br>6. റീസൈക്ളിംഗും പ്രകൃതി സൗഹൃദ വ്യവസായങ്ങളുടെ പ്രോത്സാഹനം<br>7. എക്സറ്റന്റഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>8. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വയംസഹായ സംരംഭങ്ങൾക്കും ചെറുകിടസംരംഭക ഗ്രൂപ്പുകൾക്കുമുള്ള പിന്തുണ<br>9. ഐ.ഇ.സി. പ്രവർത്തനങ്ങളും ശേഷീ വികസന പ്രവർത്തനങ്ങളും<br>10. പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോപ്ളക്സ്<br>11. സുരക്ഷിത സെപ്റ്റേജ് മാനേജ്മെന്റ് യന്ത്രവൽക്കരണം<br>12. ഖരമാലിന്യ സംസ്കരണത്തിന് നൂതന പദ്ധതികൾ |

| | | | |
|---|---|---|---|
| | | | 13. പ്ളാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനും ബദൽ ഉത്പന്നങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ<br>14. പോളിസി ഗൈഡ്‌ലൈൻ തയ്യാറാക്കൽ |
| (സി) | ആക്രിവ്യാപാരികൾ ശേഖരിക്കുന്ന വിപണനയോഗ്യമല്ലാത്ത വേസ്റ്റ്, ഇറച്ചിക്കടകളിലെ വേസ്റ്റ്, വീട്ടുകളിൽനിന്നും ഫ്ലാറ്റുകളിൽനിന്നും ശേഖരിക്കുന്ന കക്കൂസ് വേസ്റ്റ് എന്നിവ വെളിയിടങ്ങളിൽ മനുഷ്യജീവിതത്തിനു ഹാനികരമാകുന്ന രീതിയിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തിരിച്ചറിയൽ കാർഡും രജിസ്ട്രേഷനും നൽകാനും ഇവരുടെ പ്രവർത്തനം നിരീക്ഷിക്കാനും നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ? | (ഡി) | ആക്രി വ്യാപാരികൾക്കും പാഴ്‌വസ്തു ശേഖരിക്കുന്നവർക്കും തിരിച്ചറിയൽ കാർഡും രജിസ്ട്രേഷനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ